**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **05-02-2026 - ൽ മറുപടിയ്ക്ക്**

**മരുന്നുകളുടെ ഗുണനിലവാര കുറവും വ്യാജ മരുന്നുകളുടെ ലഭ്യതയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മരുന്നുകളുടെ ഗുണനിലവാരം എന്നത് എന്താണെന്ന് വ്യക്തമാക്കാമോ; ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ ഉപയോഗിക്കുന്നത് മൂലം ഉണ്ടാകാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ വിശദമാക്കാമോ; | (എ) | മരുന്നുകളുടെ സ്റ്റാൻഡേർഡ് പ്രതിപാദിക്കുന്നത് ഫാർമക്കോപ്പിയയിലാണ്. അവയിൽ നിഷ്കർഷിക്കുന്ന നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിർമ്മിക്കുന്ന മരുന്നുകളാണ് ഗുണനിലവാരമുള്ള മരുന്നുകൾ.<br><br>ഒരു മരുന്ന് ഗുണനിലവാരം ഉള്ളതാണ് എന്നു പറയണമെങ്കിൽ പ്രധാനമായും 4 കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്.<br><br>1. Identity and Strength - മരുന്നിന്റെ പാക്കറ്റിന് പുറത്ത് എഴുതിയിരിക്കുന്ന ചേരുവകൾ (ingredients) അതേ അളവിൽ തന്നെ ഉള്ളിലുണ്ടാവണം. അളവ് കൂടിയാൽ അത് ശരീരത്തിന് വിഷാംശമാകും (Toxicity), അളവ് കുറഞ്ഞാൽ രോഗം മാറുകയും ഇല്ല.<br><br>2. Purity - മരുന്ന് നിർമ്മാണ വേളയിലോ സൂക്ഷിച്ചുവെക്കുമ്പോഴോ അനാവശ്യമായ രാസവസ്തുക്കളോ പൊടിയോ ബാക്ടീരിയകളോ അതിൽ കലരാൻ പാടില്ല. അമിതമായ കലർപ്പ് (impurities) മരുന്നിന്റെ ഫലപ്രാപ്തി കുറയ്ക്കുകയും പാർശ്വഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യും.<br><br>3. Bioavailability - മരുന്ന് കഴിച്ച് കഴിഞ്ഞാൽ അത് കൃത്യസമയത്ത് രക്തത്തിൽ കലരുകയും രോഗമുള്ള ഭാഗത്ത് എത്തുകയും വേണം. ചില മോശം മരുന്നുകൾ വയറ്റിൽ ചെന്നാലും ശരിയായി അലിഞ്ഞുചേരാത്ത അവസ്ഥയുണ്ടാകാറുണ്ട്. ഇതിനെയാണ് Bioavailability എന്ന് പറയുന്നത്.<br><br>4. മരുന്ന് നിർമ്മിച്ചത് മുതൽ അതിന്റെ എക്സ്പയറി ഡേറ്റ് (Expiry Date) കഴിയുന്നത് വരെ |

| | | | |
|---|---|---|---|
| | | | ഗുണനിലവാരത്തിൽ മാറ്റം വരാൻ പാടില്ല. വെളിച്ചം, ചൂട്, ഈർപ്പം എന്നിവയേറ്റാലും മരുന്ന് കേടാകാത്ത രീതിയിലുള്ള പാക്കിംഗും നിർമ്മാണ രീതിയും ഉറപ്പാക്കണം.<br><br>ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ ഉപയോഗിക്കുന്നത് മൂലം താഴെ പറയുന്ന പ്രശ്നങ്ങൾ ഉണ്ടാകാം.<br><br>Treatment Failure - മരുന്നിലെ സജീവ ഘടകങ്ങൾ (Active Ingredients) ആവശ്യമായ അളവിൽ ഇല്ലെങ്കിൽ, അത് രോഗം ഭേദമാക്കാൻ സഹായിക്കില്ല. ഇത് രോഗം കൂടുതൽ സങ്കീർണ്ണമാകാൻ കാരണമാകും.<br><br>Antimicrobial Resistance - ഗുണനിലവാരമില്ലാത്ത ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നത് വഴി ശരീരത്തിലെ ബാക്ടീരിയകൾ പൂർണ്ണമായും നശിക്കില്ല. പകരം, ആ മരുന്നിനെ പ്രതിരോധിക്കാനുള്ള ശേഷി ബാക്ടീരിയകൾ കൈവരിക്കുന്നു. ഇത് ഭാവിയിൽ ശക്തമായ മരുന്നുകൾ പോലും ഫലിക്കാത്ത അവസ്ഥയിലേക്ക് (Antimicrobial Resistance) നയിക്കും.<br><br>വിഷാംശങ്ങൾ മൂലമുള്ള പാർശ്വഫലങ്ങൾ - മരുന്ന് നിർമ്മാണ വേളയിൽ ഉണ്ടാകുന്ന അശുദ്ധികൾ (Impurities) അല്ലെങ്കിൽ ഗുണനിലവാരമില്ലാത്ത ചേരുവകൾ ശരീരത്തിലെത്തിയാൽ അവ കരൾ, വൃക്ക എന്നിവയുടെ പ്രവർത്തനത്തെ ബാധിച്ചേക്കാം. ഛർദ്ദി, വയറിളക്കം, അലർജി എന്നിവ ഇതിന്റെ തുടക്ക ലക്ഷണങ്ങളാണ്.<br><br>മറ്റ് അവയവങ്ങളുടെ തകരാറുകൾ - ഗുണ നിലവാരമില്ലാത്ത മരുന്നുകൾ ദീർഘകാലം ഉപയോഗിക്കുന്നത് ഹൃദയം, നാഡീവ്യൂഹം എന്നിവയെ ദോഷകരമായി ബാധിക്കാൻ സാധ്യതയുണ്ട്. ചില സന്ദർഭങ്ങളിൽ ഇത് പെട്ടെന്നുള്ള മരണത്തിന് വരെ കാരണമായേക്കാം. |
| (ബി) | വ്യാജ മരുന്നുകൾ എന്നത് എന്താണെന്ന് വ്യക്തമാക്കാമോ; ഇവ വിപണിയിൽ വ്യാപകമാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് സെക്ഷൻ 17-ബി പ്രകാരം വ്യാജ (Spurious) മരുന്നുകൾ എന്നത്,<br><br>• മറ്റൊരു മരുന്നിന്റെ പേരിൽ വിൽ ക്കുന്നത്,<br>• വിപണിയിൽ പ്രശസ്തമായ ഒരു മരുന്ന് ബ്രാൻഡിനെ അനുകരിക്കുന്നത്,<br>• നിർമ്മാതാവിന്റെ പേര്/ലേബൽ വ്യാജമായി ഉപയോഗിക്കുന്നത്, |

| | | | |
|---|---|---|---|
| | | | • വ്യാജ ഘടകങ്ങൾ ചേർത്ത് നിർമിക്കുന്നത് തുടങ്ങിയവയാണ്.<br><br>ഇത്തരം മരുന്നുകളുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവ മേൽ നിയമത്തിന് വിരുദ്ധവും ശിക്ഷാർഹവുമാണ്. പുതുക്കിയ GST നിയമം നിലവിൽ വന്നതിനു ശേഷം അന്യ സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് മരുന്നുകൾ വാങ്ങുന്ന പ്രവണത കൂടിയിട്ടുണ്ട്.<br><br>വ്യാജ മരുന്നുകൾ വിപണിയിൽ വ്യാപകമാകുന്നതിന്റെ കാരണങ്ങളിലൊന്ന് ഉയർന്ന ലാഭസാധ്യതയാണ്. ഓൺലൈൻ ഫാർമസികളുടെ വർദ്ധനവ്, മരുന്നുകളുടെ ഉയർന്ന വില, ആധുനിക സാങ്കേതിക വിദ്യയുടെ ദുരുപയോഗം തുടങ്ങിയവയും വ്യാജമരുന്നുകൾ വിപണിയിൽ വ്യാപകമാകുന്നതിന്റെ കാരണങ്ങളാണ്. |
| (സി) | വ്യാജമരുന്നുകളുടെ ഉപയോഗം രോഗികളെയും പൊതുജനാരോഗ്യ സംവിധാനത്തെയും എപ്രകാരമാണ് ദോഷകരമായി ബാധിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | വ്യാജ മരുന്നുകളിൽ മരുന്ന് ഘടകങ്ങൾ രോഗം ഭേദമാക്കുവാൻ ആവശ്യമായ കൃത്യമായ അളവിൽ ഇല്ലാതിരിക്കാനോ, ഒട്ടും തന്നെ ഇല്ലാതിരിക്കാനോ ഉള്ള സാധ്യത കൂടുതലാണ്. അതുമൂലം രോഗം മൂർച്ഛിക്കുകയും, അപ്രതീക്ഷിത പാർശ്വഫലങ്ങൾ ഉണ്ടാവുകയും ചികിത്സ ഫലപ്രാപ്തി ഇല്ലാതെ വരികയും ആന്റിബയോട്ടിക്കുകൾ പോലുള്ള മരുന്നുകളാണെങ്കിൽ ആന്റി മൈക്രോബിയൽ പ്രതിരോധം വർദ്ധിക്കാനിടയാകുകയും ചെയ്യുന്നു. രോഗം മൂർച്ഛിക്കൽ, അപ്രതീക്ഷിത പാർശ്വഫലങ്ങൾ, സാമ്പത്തിക നഷ്ടം എന്നിവ കൂടാതെ ആരോഗ്യ സംവിധാനത്തോടുള്ള വിശ്വാസം നഷ്ടപ്പെടുകയും ചെയ്യുന്നു. |
| (ഡി) | മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഡ്രഗ്സ് കൺട്രോൾ വകുപ്പും നിർവ്വഹിക്കുന്ന സുപ്രധാന ചുമതലകൾ എന്തെല്ലാമാണ്; | (ഡി) | കേന്ദ്ര ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ (CDSCO) ഇന്ത്യയിലെ മരുന്ന് നിയന്ത്രണ സംവിധാനത്തിന്റെ പരമോന്നത സമിതിയാണ്. Drugs Controller General of India(DCGI) ആണ് ഇതിന് നേതൃത്വം നൽകുന്നത്. പുതിയ മരുന്നുകൾ വിപണിയിൽ ഇറക്കുന്നതിനും, ക്ലിനിക്കൽ ട്രയലുകൾ (Clinical Trial) നടത്തുന്നതിനും അനുമതി നൽകുന്നതും, വിദേശത്ത് നിന്ന് വരുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുകയും ഇറക്കുമതി ലൈസൻസ് നൽകുന്നതും, മരുന്നുകളുടെ ഗുണനിലവാരം, നിർമ്മാണ രീതി ( GMP-Good Manufacturing Practices)) എന്നിവയിൽ ദേശീയതലത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതും കേന്ദ്ര |

ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനാണ്.

സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പാണ്. ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളമുള്ള മൊത്ത/ ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും ആകസ്മികമായി (റാൻഡം) മരുന്ന് സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു. സംസ്ഥാനത്തെ മരുന്ന് നിർമ്മാണ യൂണിറ്റുകളിൽ GMP വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിലേയ്ക്കായി Central Drugs Standard Control Organisation (CDSCO), സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സംയുക്തമായി Risk based Inspection (RBI) നടത്തി വരുന്നു. കൂടാതെ സീനിയർ/റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിലെ മരുന്ന് നിർമ്മാണ സ്ഥാപനങ്ങളിൽ പതിവ് പരിശോധനകൾ നടത്തുകയും പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു. ഗുണനിലവാരം കുറഞ്ഞവ കണ്ടെത്തിയാൽ ആ ബാച്ച് മരുന്നുകൾ വിപണിയിൽ നിന്ന് പിൻവലിക്കാൻ ഉത്തരവ് നൽകുകയും ചെയ്യുന്നു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ മരുന്ന് പരിശോധനയ്ക്കുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിച്ചു വരുന്നു. പ്രധാനപ്പെട്ട 300 മരുന്നുകളുടെ പാക്കറ്റുകളിൽ ക്യൂആർ കോഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതുവഴി മരുന്നിന്റെ ആധികാരികത പരിശോധിക്കാം. ഇത്തരം കർശന നിയന്ത്രണത്തിന് വിധേയമായാണ് സംസ്ഥാനത്ത് മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യപ്പെടുന്നത്. എന്നാൽ സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്ന മരുന്നുകളുടെ 98% വും അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയാണ്. അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിരീക്ഷണത്തിൽ നിർമ്മിക്കപ്പെടുന്ന ഇത്തരം മരുന്നുകൾ നിയമവ്യവസ്ഥകൾ പാലിച്ചാണ് നിർമ്മിക്കുന്നതെന്നും ആയത് ഗുണനിലവാരം

| | | | |
|---|---|---|---|
| | | | പാലിക്കുന്നുണ്ടോയെന്നും നിശ്ചിത പരിശോധനകളിലൂടെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം ഉറപ്പ് വരുത്തുകയും ചെയ്യുന്നു.<br><br>സംസ്ഥാന ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പ മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ സംഭരിച്ച് ഇൻഡന്റിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം നടത്തി വരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ് (KMSCL). ഗുണനിലവാര പരിശോധനയുടെ ഭാഗമായി KMSCL ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം ഉണ്ട് എന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉൾപ്പെടുത്തുന്നത്. ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി സഹകരിച്ച് മരുന്നുകളുടെ സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുകയും ചെയ്യുന്നു. |
| (ഇ) | മരുന്നുകളുടെ വിലവർധനവിന് കാരണമാകുന്ന ഘടകങ്ങൾ എന്തൊക്കെയാണ്; ഇത് സാധാരണ ജനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ഇ) | മരുന്നുകളുടെ വിലവർദ്ധനവിന് കാരണമാകുന്ന ഘടകങ്ങൾ ചുവടെപ്പറയുന്നവയാണ്;<br><br>അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം (API Cost):- മരുന്ന് നിർമ്മാണത്തിന് ആവശ്യമായ പ്രധാന ചേരുവകൾ (Active Pharmaceutical Ingredients) ഇന്ത്യ പ്രധാനമായും ചൈന പോലുള്ള രാജ്യങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. അന്താരാഷ്ട്ര തലത്തിൽ ഇവയുടെ വില കൂടുമ്പോൾ മരുന്നിനും വില കൂടുന്നു.<br><br>ഗവേഷണവും വികസനവും (R&D): ഒരു പുതിയ മരുന്ന് വികസിപ്പിച്ചെടുക്കാൻ വർഷങ്ങളുടെ കഠിനാധ്വാനവും കോടിക്കണക്കിന് രൂപയും ആവശ്യമാണ്. ഈ ചെലവ് തിരിച്ചുപിടിക്കാൻ മരുന്നിന് ഉയർന്ന വില നിശ്ചയിക്കാറുണ്ട്. |

പേറ്റന്റ് നിയമങ്ങൾ: ഒരു കമ്പനി പുതിയ മരുന്ന് കണ്ടുപിടിച്ചാൽ നിശ്ചിത വർഷത്തേക്ക് അവർക്ക് മാത്രമേ അത് നിർമ്മിക്കാൻ അനുവാദമുണ്ടാകൂ (Patent). മത്സരമില്ലാത്തതിനാൽ ഈ കാലയളവിൽ കമ്പനികൾ ഉയർന്ന വില ഈടാക്കാറുണ്ട്.

ഇന്ധനവിലയും ഗതാഗത ചെലവും: മരുന്നുകൾ വിതരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള ഗതാഗത ചെലവ് കൂടുന്നതും വിലവർധനവിന് കാരണമാകുന്നു.

രൂപയുടെ മൂല്യത്തകർച്ച: മരുന്ന് നിർമ്മാണത്തിനുള്ള യന്ത്രങ്ങളും രാസവസ്തുക്കളും ഇറക്കുമതി ചെയ്യുമ്പോൾ ഡോളറിനെതിരെ രൂപയുടെ മൂല്യം കുറയുന്നത് അധിക ബാധ്യതയുണ്ടാക്കുന്നു.

മാർക്കറ്റിംഗ് ചെലവുകൾ: മരുന്നുകൾ ഡോക്ടർമാരിലേക്കും രോഗികളിലേക്കും എത്തിക്കാൻ കമ്പനികൾ നടത്തുന്ന വലിയ തോതിലുള്ള പരസ്യങ്ങളും വിപണന തന്ത്രങ്ങളും മരുന്നിന്റെ വിലയിൽ പ്രതിഫലിക്കാറുണ്ട്.

മരുന്നുകളുടെ വില കൂടുന്നത് സാധാരണ ജനജീവിതത്തിൽ ചുവടെപ്പറയും പ്രകാരമുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

ചികിത്സാ നിഷേധം: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ വില കൂടിയ മരുന്നുകൾ വാങ്ങാൻ കഴിയാതെ ചികിത്സ പാതിവഴിയിൽ ഉപേക്ഷിക്കുന്ന സാഹചര്യം ഉണ്ടാകുന്നു.

സാമ്പത്തിക ബാധ്യത: കുടുംബ വരുമാനത്തിന്റെ വലിയൊരു ഭാഗം മരുന്നുകൾക്കായി മാറ്റിവെക്കേണ്ടി വരുന്നത് ജീവിത നിലവാരത്തെ ബാധിക്കുകയും കടക്കെണിയിലേക്ക് നയിക്കുകയും ചെയ്യുന്നു.

ജീവൻരക്ഷാ മരുന്നുകളുടെ അഭാവം: ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് വില കൂടുമ്പോൾ അത് നേരിട്ട് മരണനിരക്ക് വർദ്ധിക്കാൻ കാരണമായേക്കാം.

ജനറിക് മരുന്നുകളോടുള്ള വിമുഖത: വില കുറഞ്ഞ ജനറിക് മരുന്നുകൾ ലഭ്യമാണെങ്കിലും, ബ്രാൻഡഡ് മരുന്നുകളുടെ പ്രചാരം മൂലം ആളുകൾ വില കൂടിയവ തന്നെ വാങ്ങാൻ നിർബന്ധിതരാകുന്നു.

| | | | |
|---|---|---|---|
| (എഫ്) | മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി നിലവിലുള്ള ഡ്രഗ് പ്രൈസ് കൺട്രോൾ ഓർഡർ ഉൾപ്പെടെയുള്ള നിയമങ്ങളും നയങ്ങളും എത്രമാത്രം ഫലപ്രദമാണെന്ന് വിശദമാക്കാമോ; | (എഫ്) | മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് 1955 ഉം അതിന്റെ പരിധിയിൽ വരുന്ന Drugs Price Control Order (DPCO) 2013ഉം നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ്. മേൽ നിയമങ്ങൾക്ക് അധിഷ്ഠിതമായി National List of Essential Medicine (NLEM) ലിസ്റ്റിലുള്ള അവശ്യ മരുന്നുകൾക്ക് പരമാവധി വില (Ceiling Price) നിശ്ചയിച്ചുറപ്പിക്കുന്നത്, കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന്റെ അധീനതയിലുള്ള National Pharmaceuticals Pricing Authority (NPPA) ആണ്. പരമാവധി ചില്ലറ വിൽപ്പന വില (MRP-Maximum Retail Price)- യേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യാനോ വില്പന ചെയ്യാനോ പാടുള്ളതല്ലായെന്ന് മേൽ നിയമം നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ തന്നെയാണോ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതെന്നും, വില്പന നടത്തുന്നതെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ജി) | ഉയർന്ന ഗുണമേന്മയുള്ള മരുന്നുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് സർക്കാർ, ഫാർമസ്യൂട്ടിക്കൽ കമ്പനികൾ, ഉപഭോക്താക്കൾ എന്നിവർ ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ജി) | ബ്രാൻഡഡ് മരുന്നുകൾക്ക് പകരം ജനറിക് മരുന്നുകൾ ഉപയോഗിക്കുന്നതിന് കൂടുതൽ പ്രചരണം നൽകുന്നത് വഴി മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ അവശ്യ മരുന്നുകളുടെയും മറ്റ് അനുബന്ധ സാമഗ്രികളുടെയും കേന്ദ്രീകൃത സംഭരണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഉപഭോക്തൃ സ്ഥാപന മേധാവികൾ മുഖേന ലഭ്യമാകുന്ന വാർഷിക ഇൻഡന്റ് ക്രോഡീകരിച്ച് ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത സുതാര്യ ഇ-ദർഘാസ് നടപടിക്രമങ്ങളിലൂടെ ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ഡ്രഗ്സ് കൺട്രോൾ ജനറൽ ഓഫ് ഇന്ത്യ പ്രസിദ്ധപ്പെടുത്തുന്ന NPPA നിരക്കിനുള്ളിലാണോ എന്നു പരിശോധന നടത്തി ലഭ്യമായ മറ്റ നിരക്കുകളുമായി താരതമ്യപ്പെടുത്തി അതിൽ കുറവാണെന്നു ബോധ്യപ്പെടുന്ന നിരക്കുകളാണ് അന്തിമമാക്കുന്നത്.<br><br>കൂടാതെ കാരുണ്യ ഫാർമസികൾ മുഖേന കമ്പനിയുമായി നേരിട്ട് വിലപേശി കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കി വരുന്നു. കൂടുതൽ |

| | | | |
|---|---|---|---|
| | | | കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നത് വഴി കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. മരുന്നുകളുടെ പ്രാദേശിക ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നത് വഴിയും അസംസ്കൃത വസ്തുക്കൾ ഇന്ത്യയിൽ തന്നെ ഉല്പാദിപ്പിക്കാൻ സാധിക്കുകയും ചെയ്യുന്നത് വഴി മരുന്ന് നിർമ്മാണത്തിലെ ചെലവ് കുറയ്ക്കാൻ സാധിക്കുന്നതാണ്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ അവലംബിച്ചും മരുന്നിന്റെ വില നിശ്ചയിക്കുന്നതിൽ സുതാര്യത പുലർത്തുകയും അമിതലാഭം ഒഴിവാക്കുന്നത് വഴിയും ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്ക് മരുന്നുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്. ജനറിക് മരുന്നുകളിലും ബ്രാൻഡഡ് മരുന്നുകളിലും ചേരുവ ഒന്നുതന്നെയാണെന്ന വസ്തുത ഉൾക്കൊണ്ട് ജനറിക് മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതാണെന്ന ധാരണ മാറ്റി അവ ഉപയോഗിക്കുന്ന പ്രവണത പൊതുജനങ്ങളിൽ ഉണ്ടാക്കേണ്ടതാണ്. ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ സ്വയം ചികിത്സയ്ക്കായി മരുന്ന് വാങ്ങുന്ന പ്രവണതയും ഒഴിവാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ